# അല്ലാഹുവിന്റെ ഇറങ്ങൽ (نزول)

**ഗ്രന്ഥകർത്താവ്:** ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ (رحمه الله)
**ഗ്രന്ഥം:** فتح رب البرية بتلخيص الحموية
**വിവർത്തനം:** ഹംസ ജമാലി

ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും അബൂഹുറയ്റ (رضي الله عنه)യിൽ നിന്ന് ഉദ്ധരിക്കുന്നു:

ينزل ربنا إلى السماء الدنيا حين يبقي ثلث الليل الآخر، فيقول: من يدعوني فأستجيب له من يسألني فأعطيه من يستغفرنى فأغفر له

എല്ലാ രാത്രിയുടെയും മൂന്നിലൊരുഭാഗം ബാക്കി നിൽക്കുന്ന സമയത്ത് അനുഗ്രഹീത പൂർണ്ണനും ഉന്നതനുമായ നമ്മുടെ രക്ഷിതാവ് ഒന്നാനാകാശത്തേക്ക് ഇറങ്ങിവരികയും ഇപ്രകാരം പറയുകയും ചെയ്യും. 'ആര് എന്നോട് പ്രാർത്ഥിക്കുന്നുവോ, ഞാനവർക്ക് ഉത്തരം നല്കുന്നതാണ്. ആര് എന്നോട് ചോദിക്കുന്നുവോ, ഞാനവന് നല്കുന്നതാണ്. ആരെങ്കിലുമെന്നോട് തേടുന്നുവെങ്കിൽ ഞാനവന് പൊറുത്തുകൊടുക്കുന്നതാണ്.' (ബുഖാരി: 1077, മുസ്‌ലിം 1261)

ഈ നബി വചനം നബി(ﷺ)യിൽ നിന്ന് ഇരുപത്തെട്ടോളം സ്വഹാബിമാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മാത്രമല്ല ഈ ഹദീസ് സ്വീകരിക്കുന്നതിൽ അഹ്‌ലുസ്സുന്ന ഏകോപിക്കുകയും ചെയ്തിരിക്കുന്നു.

അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങുക (نزول) എന്നത് അവന്റെ ഉദ്ദേശ്യവും യുക്തിയുമായി ബന്ധപ്പെട്ട അവന്റെ കർമപരമായ (الفعلية) ഗുണങ്ങളിൽപ്പെട്ടതാകുന്നു. അവന്റെ മഹത്വത്തിനും ഉന്നതിക്കും യോജിക്കുന്ന വിധത്തിൽ യഥാർത്ഥത്തിലുള്ള ഇറക്കം തന്നെയാകുന്നു.

ഇതിനെ അല്ലാഹുവിന്റെ കൽപനയാണ് ഇറങ്ങുന്നത് എന്നോ അല്ലെങ്കിൽ അവന്റെ കാരുണ്യമാണെന്നോ അല്ലെങ്കിൽ മലക്കുകളാണെന്നോ ഭേദഗതിവരുത്താൻ പാടില്ല. താഴെ വരുന്ന കാരണങ്ങൾ അതാണ് നമുക്ക് വ്യക്തമാക്കിത്തരുന്നത്.

**ഒന്ന്:** ഇങ്ങനെ അതിന്റെ അർത്ഥത്തെ ഭേദഗതി ചെയ്യൽ ഹദീസിന്റെ പ്രകടമായ അർത്ഥത്തിനു വിരുദ്ധമാകുന്നു. കാരണം ഇറങ്ങുക എന്ന കർമത്തെ നബി(ﷺ) അല്ലാഹുവിലേക്ക് ചേർത്തുകൊണ്ട് പറഞ്ഞിരിക്കുന്നു. യഥാർത്ഥത്തിൽ ഒരു കർമം ചെയ്യുകയോ ചെയ്തുകൊണ്ടിരിക്കുകയോ ആണെങ്കിലാണ് ആ കർമത്തെ കർത്താവിലേക്ക് ചേർത്തു പറയുക. ആ കർമത്തെ മറ്റൊരു കർമമായി ചിത്രീകരിക്കുമ്പോൾ അത് അടിസ്ഥാനപരമായതിന് വിരുദ്ധമായ ഭേദഗതി വരുത്തലായിത്തീരുന്നു.

**രണ്ട്:** അല്ലാഹു ഇറങ്ങുമെന്ന നബി(ﷺ)യുടെ ഈ വചനത്തെ ഇപ്രകാരം വിശദീകരിക്കുമ്പോൾ അതിൽ ഒരു ഭാഗം ഉപേക്ഷിക്കപ്പെടുന്നു. യഥാർത്ഥത്തിൽ അതിനെ ഉപേക്ഷിക്കാൻ പാടില്ല.

**മൂന്ന്:** അല്ലാഹുവിന്റെ കൽപനയും അവന്റെ കാരുണ്യവും രാത്രിയിലെ ഈ സമയത്തു മാത്രമല്ല ഇറങ്ങുന്നത് മറിച്ച് അവ രണ്ടും എല്ലാ സമയത്തും ഇറങ്ങിക്കൊണ്ടിരിക്കുന്നു.

**ചോദ്യം:** ഇവിടെ ഒരു പ്രത്യേകമായ ഇറങ്ങലിനെയാണല്ലോ ഉദ്ദേശിക്കപ്പെടുന്നത്. അല്ലാഹുവിന്റെ പ്രത്യേകമായ കാരുണ്യം എല്ലാ സമയത്തും ഇറങ്ങൽ നിർബന്ധമില്ലല്ലോ?

**മറുപടി:** ഈ വ്യാഖ്യാനം ശരിയാകുകയാണെങ്കിൽ ഇവിടെ നബിവചനം പഠിപ്പിക്കുന്നത് ഈ ഇറങ്ങിവരുന്നത് ഒന്നാനാകാശത്തേക്കാകുന്നുവെന്നാണ്. ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹം ഒന്നാനാകാശത്തേക്ക് ഇറങ്ങിവരുന്നതുകൊണ്ട് നബി(ﷺ) ഇത് നമുക്ക് അറിയിച്ചുതരാൻ മാത്രം എന്ത് പ്രയോജനമാണുണ്ടാകുക?

**നാല്:** ഹദീസിൽ പറയുന്നത് ആകാശത്ത് നിന്ന് ഇറങ്ങി വരുന്നവൻ ഇപ്രകാരം പറയുമെന്നാണ്:

من يدعوني فأستجيب له، من يسألني فأعطيه، من يستغفرني فأغفر له

‘‘ആര് എന്നോട് പ്രാർത്ഥിക്കുന്നുവോ ഞാനവർക്ക് ഉത്തരം നല്കുന്നതാണ്. ആര് എന്നോട് ചോദിക്കുന്നുവോ ഞാനവന്ന് നല്കുന്നതാണ്. ആരെങ്കിലുമെന്നോട് പാപമോചനം തേടുന്നുവെങ്കിൽ ഞാനവന് പൊറുത്തുകൊടുക്കുന്നതാണ്.’’ ഇത് അല്ലാഹുവിനല്ലാതെ മറ്റാർക്കും പറയാൻ സാധ്യവുമല്ല.

**അല്ലാഹു സിംഹാസനാരോഹിതനാകുന്നുവെന്നതും അവൻ ഒന്നാനാകാശത്തേക്ക് ഇറങ്ങുന്നതും തമ്മിൽ എങ്ങനെ യോജിപ്പിക്കാം.**

അല്ലാഹു സിംഹാസനാരോഹിതനാകുന്നുവെന്നത് അവന്റെ സത്താപരമായ (الذاتية) ഗുണങ്ങളിൽ പെട്ടതാകുന്നു. അവന്റെ ദാതിൽ നിന്നും അത് വേർപ്പെടാൻ സാധ്യമല്ല. ഇത് പ്രമാണങ്ങളിൽ വ്യക്തമായി സ്ഥിരപ്പെട്ടിട്ടുള്ള അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങിവരുമെന്നതിന് എതിരാകുന്നില്ല. രണ്ടു രീതിയിൽ ഇതിനെ യോജിപ്പിക്കാം.

**ഒന്ന്:** പ്രമാണങ്ങളാണ് ഇവരണ്ടിനെയും സമന്വയിപ്പിച്ചിട്ടുള്ളത്. മുമ്പ് വിവരിച്ചതുപോലെ പ്രമാണങ്ങളിൽ അസംഭവ്യങ്ങളുണ്ടാവുകയില്ല.

**രണ്ട്:** അല്ലാഹുവിന്റെ വിശേഷഗുണങ്ങളിൽ അവനു തുല്യമായി യാതൊന്നുമില്ല. അപ്പോൾ അല്ലാഹു സിംഹാസനത്തിൽ ആരോഹിതനാകുന്നതും അവന്റെ ഇറങ്ങിവരലും വൈരുധ്യമാകണമെന്ന് പറയാൻ മാത്രം സൃഷ്ടികൾ ഇറങ്ങുന്നതുപോലെയല്ല അവൻ ഇറങ്ങിവരിക. മറിച്ച് അവന്റെ മഹത്വത്തിനും പദവിക്കും നിരക്കുന്ന രീതിയിലായിരിക്കും അത്.